02/12/21...


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **CP. 170*(2)/2021*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **4391**/*എസ്.ഐ.സി-ജി 6/21*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**Sri.Johnson James,**
**Patmos, Udinur(P.O)**
**Trikaripur – 671 349.** } **Complainant**

**Vs**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പൊതുവിദ്യാഭ്യാസ വകുപ്പ്,
(അഡ്മിനിസ്ട്രേഷൻ വിഭാഗം)
ഹയർസെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.02.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.03.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.03.2021 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.03.2021 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോൺസൺ ജെയിംസ്, 28.03.2021ന് സമർപ്പിച്ച പരാതി ഹർജി 29.03.2021ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.170(2)/21/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായി

ല്ലെന്നും എത്രയും വേഗം മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. പരാതി ഹർജിക്കാരൻ 23.02.2021ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊല്ലം ജില്ലയിലെ West Kallada GHSS(2015) ലെ Commerce(Jr)അധ്യാപികയായ മായ വി. എത്ര വർഷമായി കൊല്ലം ജില്ലയിൽ ജോലി ചെയ്യുന്നുവെന്നും

2) കൊല്ലം ജില്ലയിൽ 5 വർഷം Commerce(Jr) ആയി ജോലി ചെയ്ത അധ്യാപകരുടെ ലിസ്റ്റിൽ (Transfer Site) ലെ പ്രസ്തുത അധ്യാപിക വന്നിട്ടുണ്ടോയെന്നും

3) ടി അധ്യാപികയെ 5 വർഷം തികഞ്ഞവരുടെ ലിസ്റ്റിൽ ഉൾജെപ്പടുത്താത്തത് എന്തുകൊണ്ടെന്നും

4) Transfer Site പ്രകാരം ടി അധ്യാപിക ജോലിയിൽ പ്രവേശിച്ച തീയതി എന്നാണെന്നും

5) മറ്റു ജില്ലകളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം അറിയിക്കണമെന്നുമാണ്.

4. 09.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതി ഹർജിക്കാരൻ ഹാജരായില്ല.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭ്യമായില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി അയച്ചു നൽകിയിട്ടുണ്ടെന്ന് മറുപടി കത്തിന്റെയും ഡെസ്പാച്ച് രജിസ്റ്ററിന്റെയും പകർപ്പുകൾ സഹിതം കമ്മീഷനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2021 നവംബർ 15-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)